# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം:1641 — 11.02.2013 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## തിരുവനന്തപുരം നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി | |
| (എ) | തിരുവനന്തപുരം നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചോ ; എങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കുമോ ; | (എ) | തിരുവനന്തപുരം നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) | കരട് മാസ്റ്റർ പ്ലാനിന് തിരുവനന്തപുരം നഗരസഭാ കൗൺസിൽ അംഗീകാരം നൽകിയോ ; | (ബി) | അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതനുസരിച്ചുള്ള തുടർ നടപടികൾ വ്യക്തമാക്കാമോ ; | | കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് നഗരസഭ പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ 60 ദിവസം പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും ഫയൽ ചെയ്യുന്നതിന് സമയം നൽകുകയും അവ പരിശോധിച്ച് പ്ലാനിൽ വേണ്ട മാറ്റങ്ങൾ വരുത്തിക്കൊണ്ട് കോർപ്പറേഷന്റെ അംഗീകാരത്തോടെ അന്തിമ അംഗീകാരം നൽകുന്നതുമാണ്. |
| (ഡി) | പ്രസ്തുത മാസ്റ്റർ പ്ലാൻ അന്തിമമായി പുറത്തിറക്കാനുള്ള പ്രധാന തടസ്സം വ്യക്തമാക്കാമോ ; | (ഡി) & (ഇ) | തടസ്സങ്ങൾ ഒന്നും ഇല്ല. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത മാസ്റ്റർ പ്ലാൻ എന്നത്തേയ്ക്ക് പുറത്തിറക്കുമെന്ന് വ്യക്തമാക്കാമോ ; | | |

| | | | |
|---|---|---|---|
| (എഫ്) | റിവൈസ്ഡ് മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള സ്കീമുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എഫ്) | 1. 45 m മുതൽ 12 m വരെയുള്ള റോഡ് വികസനം കാണിച്ചുകൊണ്ടുള്ള ട്രാൻസ്പോർട്ട് പ്ലാൻ..<br>2. വിവിധ പ്രദേശങ്ങൾക്ക് അനുയോജ്യമായ വികസനങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള ലാൻഡ് യൂസ് പ്ലാൻ.<br>3.<br>(i) കഴക്കൂട്ടത്ത് കോർട്ട് കോംപ്ലക്സ്.<br>(ii) കാട്ടായിക്കോണത്ത് കോമൺ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷനും നാനോ ടെക് നോളജി റിസർച്ച് സെന്ററും..<br>(iii) കാട്ടായിക്കോണത്ത് കറക്ഷണൽ ഇൻസ്റ്റിറ്റ്യൂഷൻ.<br>(iv) വേളിയിൽ മൊബിലിറ്റി ഹബ്ബ്.<br>(v) വിഴിഞ്ഞത്ത് ലോജിസ്റ്റിക് സെന്റർ. |
| (ജി) | പ്രസ്തുത പ്ലാൻ അനുസരിച്ച് പൊതു ജനങ്ങൾക്ക് വീടു വയ്ക്കുന്നതിനുള്ള അനുമതി നൽകി തുടങ്ങിയോ ; | (ജി) & (എച്ച്) | മാസ്റ്റർ പ്ലാൻ അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് അതനുസരിച്ചുള്ള അനുമതി നൽകുന്നതാണ്. |
| (എച്ച്) | ഇല്ലെങ്കിൽ എന്നത്തേക്ക് അനുമതി നൽകിത്തുടങ്ങും എന്ന വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ